(ബി&സി) റവന്യൂ കാർഡിനുള്ള അപേക്ഷയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

പുതിയതായി ജില്ലകൾ രൂപീകരിക്കുവാൻ നടപടി

57 (2055) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ജില്ലകൾ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് ഒരു ബ്ലോക്ക് പഞ്ചായത്തിന് ഒരു താലൂക്ക് എന്ന രീതിയിൽ താലൂക്കുകൾ പുനഃസംഘടിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

താലൂക്ക് പുനഃസംഘടന

53 (2056) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് താലൂക്ക് പുന:സംഘടനയ്ക്ക് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പുന:സംഘടന ഏതെങ്കിലും കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. പുതിയ സെൻസസ് ആരംഭിക്കുന്നതിനാൽ 2001 മാർച്ചുവരെ റവന്യൂ യൂണിറ്റുകളുടെ അതിർത്തി വ്യതിയാനം പാടില്ലെന്ന് സെൻസസ് ഡയറക്ടർ ജനറൽ നിർദ്ദേശിച്ചിരിക്കുന്നതിനാൽ ഈ വിഷയത്തിൽ ഉടനെ തീരുമാനമെടുക്കാൻ സർക്കാരിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly